# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-26



## ഗവ. യു.പി.സ്കൂൾ. ആറാട്ടുപുഴ

## പത്തനംതിട്ട

# സ്കൂൾ ചരിത്രം

പത്തനംതിട്ട ജില്ലയിൽ ആറന്മുള സബ്ജില്ലയിൽ, ആറാട്ടുപുഴയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഗവ.യു.പി. എസ് ആറാട്ടുപുഴ 120 വർഷം പഴക്കമുള്ള വിദ്യാലയ മുത്തശ്ശിയാണ്. വിദ്യാസമ്പന്നരായ ഒരു കൂട്ടം ഗ്രാമവാസികളുടെ ശ്രമഫലമായി 1905 ൽ ആണ് ഈ സ്ഥാപനം എൽ.പി. സ്കൂളായി പ്രവർത്തനമാരംഭിച്ചത്. കണ്ടനാട്ടിൽ, മാലേത്ത്, പുത്തൻവീട് എന്നീ കുടുംബക്കാർ വിട്ടുനൽകിയ 51 സെന്റ് സ്ഥലത്താണ് കെട്ടിടം സ്ഥാപിച്ചത്. ഇതിന്റെ ആദ്യകാല അധ്യാപകർ ആയത്, ഇത് സ്ഥാപിക്കാൻ അക്ഷീണം പ്രവർത്തിച്ച മഹത് വ്യക്തികൾ തന്നെയാണ്.

ആറാട്ടുപുഴ, നീർവിളാകം, മാലക്കര, കോയിപ്രം പ്രദേശങ്ങളിലെ കുട്ടികൾക്ക് അക്ഷരദീപം പകർന്നുകൊടുക്കുന്നു ഈ സ്ഥാപനം. ഇവിടെ വിദ്യാഭ്യാസം പൂർത്തിയാക്കിയവരിൽ ജസ്റ്റിസ് ബഞ്ചമിൻ കോശി ഉൾപ്പെടെ ധാരാളം പ്രമുഖർ ഉണ്ടെന്നത് ശ്രദ്ധേയമാണ്. ശ്രീ. ഈപ്പൻ ചെറിയാൻ ചെയർപേഴ്സണായി പൂർവ്വ വിദ്യാർത്ഥി സംഘടന വിദ്യാലയത്തിലെ എല്ലാ പ്രവർത്തനങ്ങളിലും താങ്ങും തണലുമായി നിൽക്കുന്നു.

വെള്ളപ്പൊക്കമുണ്ടാകുമ്പോഴൊക്കെയും ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലും 2018-ലെ പ്രളയം നാശം വിതച്ചു. പ്രധാന റെക്കോർഡ്സ്, ലാപ്ടോപ്സ് ഇവയൊക്കെ നഷ്ടപ്പെട്ടു. പല നല്ല മനസുകളുടെയും കൈത്താങ്ങിൽ ഈ വിദ്യാലയം പഴയ നിലയിലേക്ക് തിരികെ വന്നു. വർഷങ്ങൾക്കിപ്പുറവും അക്ഷരവെളിച്ചം പകർന്ന് ഈ വിദ്യാലയമുത്തശ്ശി നിലനിൽക്കുന്നു.

# ഭൗതികസാഹചര്യം

| മികവുകൾ | പോരായ്മകൾ |
| --- | --- |
| • പരിചയ സമ്പന്നരായ അധ്യാപകർ<br>മികച്ച അധ്യാപനം<br>ശിശുകേന്ദ്രീകൃതം<br>• മികച്ച യാത്രാസൗകര്യം<br>• നഴ്സറി മുതൽ 7-ാം ക്ലാസുവരെ ഒരു കെട്ടിടത്തിൽ<br>• IT based പഠനരീതി<br>• പാഠ്യേതര പ്രവർത്തനങ്ങളിലെ പങ്കാളിത്തം<br>• ചുറ്റുമതിൽ<br>• ശുചിമുറികൾ<br>• Ramp<br>• ലൈബ്രറി<br>• Lab, IT Lab<br>• ആരോഗ്യപ്രവർത്തകരുടെ സന്ദർശനം, വാക്സിനേഷനുകൾ കൃത്യമായി എടുക്കുന്ന കൃത്യമായ ആരോഗ്യപരിശോധന | • പഴക്കമുള്ള കെട്ടിടം<br>• ചെറിയ അടുക്കള<br>• Dinning Room ഇല്ല<br>• IT ഉപകരണങ്ങളുടെ കുറവ്<br>• IT ലാബ് മെച്ചപ്പെടുത്തണം<br>• കളിസ്ഥലം പരിമിതം<br>• അംഗീകാരം ഇല്ലാത്ത പ്രീ. പ്രൈമറി. |

## അധ്യാപകർ

| പേര് | തസ്തിക | വിഷയം / ക്ലാസ് | Permanent/ Temporary |
|---|---|---|---|
| രാജിമോൾ. കെ. ആർ | ഹെഡ്മിസ്ട്രസ് | ഇംഗ്ലീഷ് | Permanent |
| രാജി. കെ | എൽ.പി.എസ്.എ | മൂന്നാം ക്ലാസ് | Permanent |
| അഞ്ജുമോൾ. കെ | യു.പി.എസ്.എ | സയൻസ് | Permanent |
| സിനി രാജൻ | എൽ.പി.എസ്.എ | നാലാം ക്ലാസ് | Permanent |
| ജർബീന ബീഗം. എൻ | പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് T[illegible] | ഹിന്ദി | Permanent |
| രശ്മി. ആർ | ഗണിതം യു.പി.എസ്.എ | ഗണിതം | Permanent |
| ഫാത്തിമ റെയ്ഹാന | എൽ.പി.എസ്.എ | ഒന്നാം ക്ലാസ് | Permanent |
| ദീപ്തി റസ്‌ലമിൻ. ടി. ആർ | എൽ.പി.എസ്.എ | രണ്ടാം ക്ലാസ് | Permanent |
| | | | |
| **അനധ്യാപകർ** | | | |
| വീണ. എ | ഓഫീസ് അറ്റൻഡന്റ് | – | Permanent |
| റൂബി | കുക്ക് | – | Permanent |

# വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ 2025-26.

| ക്ലാസ്സ് | ജനറൽ | | | പട്ടികജാതി | | | പട്ടികവർഗം | ഒ.ഇ.സി. | | | ഒ.ബി.സി. | | | ആകെ കുട്ടികൾ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| I | 1 | - | 1 | - | - | - | | - | - | - | 1 | - | 1 | 2 | - | 2 |
| II | - | 2 | 2 | - | 2 | 2 | | - | - | - | - | - | - | - | 4 | 4 |
| III | - | 1 | 1 | 3 | - | 3 | | 3 | 1 | 4 | 1 | - | 1 | 7 | 2 | 9 |
| IV | 1 | 1 | 2 | 2 | - | 2 | NIL | - | - | - | 2 | - | 2 | 5 | 1 | 6 |
| V | - | - | - | 1 | - | 1 | | - | - | - | - | - | - | 1 | - | 1 |
| VI | - | 1 | 1 | 1 | 1 | 2 | | - | 1 | 1 | 1 | - | 1 | 2 | 3 | 5 |
| VII | - | 2 | 2 | 1 | 1 | 2 | | 1 | - | 1 | - | - | - | 2 | 3 | 5 |

# അക്കാദമിക് മാസ്റ്റർപ്ലാൻ ലക്ഷ്യങ്ങൾ

ഓരോ ക്ലാസിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമാണെന്ന് ഉറപ്പാക്കുക.

ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.

കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതികസാഹചര്യങ്ങളും ഒരുക്കി കൊടുക്കുക.

ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.

ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.

മുഴുവൻ ക്ലാസുകളിലും ഐ.സി.ടി സാധ്യത ഉറപ്പുവരുത്തുക

പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.

ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരം ഒരുക്കുക.

പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.

- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിൽ ഭൗതിക അന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പഠനത്തിൽ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രൊജക്ടറുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക
- ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യം ഒരുക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- കൂടുതൽ വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
- മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക. കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

# ഗവ. യു. പി. എസ്. ആറാട്ടുപുഴ
# 37427

# ശുചിത്വമിഷൻ 2025-26 മാസ്റ്റർപ്ലാൻ

'മാലിന്യമുക്ത നവകേരളം' എന്ന ലക്ഷ്യവുമായി തുടക്കമിട്ട 'ശുചിത്വമിഷൻ' പദ്ധതി കഴിഞ്ഞ അധ്യയനവർഷം തന്നെ ഓരോ വിദ്യാലയവും ഏറ്റെടുത്തു കഴിഞ്ഞു. "എന്റെ മാലിന്യം; എന്റെ ഉത്തരവാദിത്വം" എന്ന സന്ദേശം കുട്ടികളിലെത്തിച്ച് വലിച്ചെറിയൽ വിമുക്ത പരിസരം സൃഷ്ടിക്കാൻ അധ്യാപകരും, കുട്ടികളും, രക്ഷിതാക്കളും, പഞ്ചായത്തും, ആരോഗ്യ പ്രവർത്തകരും ഒത്തുചേർന്ന് ശ്രമിക്കുന്നു. അടുത്ത അധ്യയനവർഷത്തിലും ഈ പ്രവർത്തനങ്ങൾ കൃത്യമായ ആസൂത്രണത്തോടെ നടത്തേണ്ടതുണ്ട്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 'ശുചിത്വമിഷൻ' പദ്ധതി - ആസൂത്രണം | SRG, PTA Executive | May First Week | HM, PTA, Teachers, Non Teaching Staff |
| ഹരിത വിദ്യാലയം - ശുചിത്വ വിദ്യാലയം - മുന്നൊരുക്കം | •സ്കൂൾ പരിസരം വൃത്തിയാക്കൽ, •കമ്പോസ്റ്റുകുഴി നിർമ്മാണം, കിണർ-ശുചീകരണം, അടുക്കള വൃത്തിയാക്കൽ, •ബദാംമരം - ചില്ല കോതി നിർത്തൽ | May | അധ്യാപകർ, അനധ്യാപകർ, PTA, പൂർവ്വ വിദ്യാർത്ഥികൾ, പഞ്ചായത്ത് |
| "എന്റെ മാലിന്യം, എന്റെ ഉത്തരവാദിത്വം" - തിരിച്ചറിയൽ | •"How to use wastebin in the classroom and in the campus?" - കുട്ടികൾക്ക് ബോധവത്കരണം<br>•വ്യക്തിശുചിത്വം - ബോധവത്കരണം<br>മഴക്കാലരോഗങ്ങൾ - പ്രതിരോധമാർഗ്ഗങ്ങൾ | June | അധ്യാപക- അനധ്യാപകർ, Health department, Class leaders, PTA |
| പ്രകൃതിയെ അറിയുക - പച്ചപ്പ് നിലനിർത്തുക. | •Corner garden for each classes. അടുക്കളത്തോട്ടം.<br>•പരിസ്ഥിതി ദിനം - ഉചിതമായി ആചരിക്കൽ | | |
| | •മികച്ച കർഷകനെ ആദരിക്കൽ - കൃഷിയുടെ പ്രാധാന്യം മനസ്സിലാക്കൽ | August | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പഞ്ചേന്ദ്രിയങ്ങളെ പ്രയോജനപ്പെടുത്തി ആശയങ്ങൾ ഗ്രഹിക്കുക | • പാഠഭാഗങ്ങളിലെ ആശയങ്ങളെ (എല്ലാ വിഷയങ്ങളും) പ്രവൃത്തിയുമായി ഇണങ്ങിയുള്ള പ്രവർത്തനങ്ങളിലേർപ്പെടൽ<br>• ഡ്രൈ ഡേ (എല്ലാ വെള്ളിയാഴ്ചയും) | June to March | Class Trs/ Subject Trs. |
| മാലിന്യമുക്ത വിദ്യാലയം—സേവനവാരം നടപ്പിലാക്കൽ | • ശുചിത്വ വാരാഘോഷം ഉദ്ഘാടനം<br>• സ്കൂൾ പരിസരം വൃത്തിയാക്കൽ<br>• കൃഷി, പൂന്തോട്ടം വിപുലീകരിക്കൽ<br>• പരിസ്ഥിതി പ്രവർത്തകരുടെ ക്ലാസ്, വീഡിയോ പ്രദർശനം | October | PTA, തൊഴിലുറപ്പ് പ്രവർത്തകർ, അധ്യാപക-അനധ്യാപകർ, പഞ്ചായത്ത്, സ്കൂൾ ലീഡർ. |
| പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക. | • പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങൾ - ബോധവത്കരണം<br>• ഹരിതകർമസേനയുടെ സേവനം ഉറപ്പാക്കൽ<br>• പ്ലാസ്റ്റിക് പുനരുപയോഗം<br>• അലങ്കാര വസ്തുക്കൾ നിർമ്മിക്കൽ | June 15 - March | ഹരിതകർമ സേന |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വ്യക്തിശുചിത്വം ഉറപ്പാക്കൽ | • നല്ല ആരോഗ്യ ശീലങ്ങൾ - വീഡിയോ പ്രദർശനം, ബോധവത്കരണം, ചിത്രങ്ങൾ etc. | June - March | അധ്യാപകർ - അനധ്യാപകർ |
| | • ശുചിത്വ ശീലങ്ങൾ - ചാർട്ട് | | PTA |
| | • ലോക കൈകഴുകൽ ദിനം - ആചരണം | October 15 | Health Dept |
| | • Medical check up | | വിവിധ ക്ലബ്ബുകൾ |
| | • അയൺഗുളിക, വിരഗുളിക നൽകൽ | | |
| | • രക്ഷിതാക്കൾക്ക് ബോധവത്കരണം | | |
| | • Doctor's Day | July | |
| | • Yoga Day | June | |
| | • Yoga class | June - March | |

## കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി 03/06/2025 മുതൽ 13/06/25 വരെ കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകളെക്കുറിച്ചും കുട്ടികളിൽ ഉണ്ടാകേണ്ട മൂല്യബോധം വികസിക്കാനുള്ള പ്രവർത്തന പദ്ധതികൾ കൂടി ഉൾച്ചേർത്തിരിക്കുന്നു. കുട്ടികളിൽ ഉണ്ടാകേണ്ട ധാരണകൾ വികസിക്കാനുള്ള പ്രവർത്തന പദ്ധതികൾ ഒരു പ്രവേശിക എന്ന നിലയിലാണ് ഈ പ്രവർത്തനങ്ങളെ സമീപിക്കേണ്ടത്. പാഠപുസ്തകങ്ങളിലെ പാഠസന്ദർഭങ്ങളെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ ഈ ഉപാധികളും പ്രയോജനപ്പെടുത്താം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| LP - പൊതു കാര്യങ്ങൾ<br><br>UP - ലഹരി ഉപയോഗത്തിനെതിരെ. | സ്കൂളും പരിസരവും നിരീക്ഷിക്കാൻ അവസരം നൽകുന്നു, ബോധവത്കരണം.<br><br>Short film, ബോധവത്കരണ ക്ലാസ്സ്, skit, poster. | ജൂൺ -3 മുതൽ 13 വരെ. | LP അധ്യാപകർ<br><br>UP അധ്യാപകർ. |
| LP - ട്രാഫിക് നിയമങ്ങൾ / റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ | ബോധവത്കരണ ക്ലാസ്, video പ്രദർശനം, സ്കൂൾ-കോമ്പൗണ്ടിൽ ക്രോസിംഗ് ഡ്രിൽ നടത്തുന്നു; ചർച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പ്രസ്താവനകൾ നൽകി ശരി തെറ്റ് രേഖപ്പെടുത്താൻ അവസരം നൽകുന്നു. | | |

| | | | |
|---|---|---|---|
| വ്യക്തിശുചിത്വം, പരിസരശുചിത്വം, ഹരിതക്യാമ്പസ്, സ്കൂൾ സൗന്ദര്യവത്കരണം. | ബോധവത്കരണക്ലാസ്, ചർച്ച Video പ്രദർശനം, വ്യക്തിഗതരേഖ-പ്പെടുത്തൽ, സ്കൂളിൽ ചെടികൾ നട്ടുപിടിപ്പിക്കൽ, ക്ലാസ് മുറികൾ ചെടികൾ കൊണ്ട് അലങ്കരിക്കുന്നു, Skit, | | |
| ആരോഗ്യം, വ്യായാമം, കായികക്ഷമത. | ബോധവത്കരണ ക്ലാസ്, ചർച്ച, വ്യായാമം ക്ലാസ്, സുംബാ ഡാൻസ്, ഭക്ഷണ കാര്യങ്ങളെ കുറിച്ചുള്ള ചർച്ച. | | |
| പൊതുമുതൽ സംരക്ഷണം | ബോധവത്കരണം, ചർച്ച Rollplay, poster, Video പ്രദർശനം | | |

| | | | |
|---|---|---|---|
| ഡിജിറ്റൽ അച്ചടക്കം. | ബോധവത്കരണം, ചർച്ച, Video പ്രദർശനം, Skit, | | |
| പരസ്പരസഹകരണത്തിന്റെ പ്രാധാന്യം. | ബോധവത്കരണം, ചർച്ച, Roll play, അനുഭവങ്ങൾ പങ്ക് വയ്ക്കൽ, കേസ് സ്റ്റഡി, Skit, | | |
| പൊതു ക്രോഡീകരണം. | ബോധവത്കരണം, ചർച്ച | | |

# ഭാഷ

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാക്ലാസ്സ് കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ | ആഗസ്റ്റ് ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി | SMC |
| | 2) അമ്മ വായന അമ്മമാർക്കുള്ള ക്ലാസുകൾ അവതരിപ്പിക്കുന്നു | ജൂലൈ ഡിസംബർ ജനുവരി മാസത്തിലെ ദിനങ്ങൾ | ക്ലാസ് ടീച്ചർ SRC MPTA | MPTA |

# പരിസരപഠനം

മേഖല- അക്കാദമികം

ഉപമേഖല- പരിസരപഠനം

ക്ലാസ് - STD I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ആഹാരത്തിലെ രുചികൾ, കേൾക്കുന്ന വസ്തുക്കളുടെ പ്രത്യേകതകൾ തിരിച്ചറിവ്. | ഭക്ഷ്യമേള- പലതരം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിയലും | ജൂൺ- ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRC SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, | ഡിസംബർ ജനുവരി | SRC SMC | |

# ഗണിതം

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ നിർമ്മാണപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണ ശില്പശാല<br>3) ഗണിത ക്ലബ്ബ് ഗണിത പ്രവർത്തനങ്ങൾ ക്ലബ്ബിലൂടെ | ജൂൺ-മാർച്ച്<br>ഡിസംബർ<br>മാസത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ<br>SRC കൺവീനർ | SSA |

# ഇംഗ്ലീഷ്

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - 7

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ യഥേഷ്ടമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമ പ്രദർശനം | മാസത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിന്തയും വ്യവഹാര രൂപങ്ങളിലൂടെയുള്ള ശേഷി വികാസ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ<br>2) ലഘു പതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ് | മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയുണർത്താം | 1) രചനാ ശില്പശാല കഥ, കവിത, രചനകൾക്കുള്ള വേദി തയ്യാറാക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC |

[illegible]

ഉപമേഖല – പരിസരപഠനം

ക്ലാസ് – II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകൾ, പോസ്റ്റർ രചനാമത്സരം അവതരണങ്ങൾ | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ SRG SMC | |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം, കാണാക്കാഴ്ചകൾ. | സപ്തംബർ ഡിസംബർ | ടീച്ചേർസ് SRG SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം. | ജനുവരി | SRG SMC നാട്ടുകാർ | |

മേഖല - അക്കാദമികം
ഉപമേഖല - ഇംഗ്ലീഷ്
ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk....<br>പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ<br>ഇംഗ്ലീഷ് അസംബ്ലി<br>One day English | മൂന്ന് മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

മേഖല - അക്കാദമികം
ഉപമേഖല - ഗണിതം
ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്ത ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | SSA |
| | ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | മാസത്തിൽ ഒന്ന് വീതം | | |

STD - III

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
| --- | --- | --- | --- | --- |
| **വായന** | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകർ | PTA |
| മലയാളം നന്നായി കൂട്ടക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെടുത്തി അനായാസമായി വായിക്കുവാൻ. | ക്ലാസ് ലൈബ്രറി വികസനം. | അദ്ധ്യയന വർഷം മുഴുവൻ | CPTA | CPTA |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ. | ജൂൺ | അധ്യാപകർ | അദ്ധ്യാപകർ |
| | അമ്മ വായന<br>അമ്മമാരുടെ വായനാക്കുറിപ്പുകൾ<br>പി.ടി.എ. യോഗത്തിൽ അവതരിപ്പിക്കുന്നു | അദ്ധ്യയന വർഷം മുഴുവൻ | CPTA | [illegible] |
| | വായനാമത്സരങ്ങൾ സംഘടിപ്പിക്കൽ | ജൂൺ - ജൂലൈ | അധ്യാപകർ | CPTA |
| **ലേഖനം**<br>വിവിധ ആഹാര ആചാരങ്ങൾ ആസ്വദിക്കാനും | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ ആഹാര | | | |

| | | | | |
|---|---|---|---|---|
| എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക. - അക്ഷരം തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാ വ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ. | രൂപങ്ങളിൽ [illegible] രചനകൾ നടത്തുക. അധ്യയനവർഷം മുഴുവൻ | ജൂൺ - മാർച്ച് | അധ്യാപകൻ | CPTA |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ വേദി - CPTA | ജൂൺ - മാർച്ച് | CPTA | ഇല്ല. |

## ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു. | പ്രീടെസ്റ്റ് | ജൂൺ | അധ്യാപകർ | |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | ജൂൺ- ജൂലൈ | അധ്യാപകർ CPTA | ഇല്ല. |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാ പാറ്റേണുകൾ. | ആഗസ്റ്റ് | അധ്യാപകർ | |
| | . നാണയങ്ങൾ<br>. കളിനോട്ടുകൾ<br>. പാറ്റേണുകൾ. | ആഗസ്റ്റ് | അധ്യാപകർ കുട്ടികൾ | CPTA. |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ. | ജൂലൈ - മാർച്ച് | അധ്യാപകർ കുട്ടികൾ | ഇല്ല. |

| | | | | |
|---|---|---|---|---|
| സങ്കലന - വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | . ഉദാ: കണക്കുകൾ<br>. ഞൊടിക്കളി<br>. നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ഒക്ടോബർ നവംബർ | അധ്യാപകൻ, കുട്ടികൾ | ജൂലൈ. |
| ഗുണന വസ്തുതകൾ നേടൽ. | : ഉദാ: കണക്കുകൾ<br>. ഞൊടിക്കളി. | ഡിസംബർ ജനുവരി | അധ്യാപകൻ, കുട്ടികൾ | ജൂലൈ. |
| ഹരണ ക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ. | . നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.<br>. ICT വിഭവങ്ങൾ ഉപയോഗിച്ച്. | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ കുട്ടികൾ | ജൂലൈ. |

# പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനം. | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക. ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം. | സസ്യങ്ങളെ തരംതിരിക്കൽ.<br>പ്രകൃതി നടത്തം - [പാഠം വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം] | ജൂൺ - ജൂലൈ | അദ്ധ്യാപകർ | ഇല്ല. |
| പ്രകൃതി സംരക്ഷണം. | · മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക.<br>· മഴക്കുഴി നിർമ്മാണം.<br>· വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനക്ക് കൈമാറൽ. | ആഗസ്റ്റ് സെപ്റ്റംബർ | · അദ്ധ്യാപകർ<br>· PTA | · PTA. |

| | | | | |
|---|---|---|---|---|
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം.<br>• പോസ്റ്റർ നിർമാണം<br>ശുചിത്വ സന്ദേശങ്ങൾ<br>വിദ്യാലയത്തിലെ വിവിധ<br>ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ-<br>ഒക്ടോബർ | അധ്യാപകർ<br>കുട്ടികൾ | ഇല്ല. |
| ജീവികളുടെ കൂടുകൾ. | ജീവികളുടെ കൂടുകൾ -<br>ചിത്രശേഖരണം.<br>• വ്യത്യസ്ത വീടുകൾ.<br>Album.<br>• വീട് നിർമാണ ഇടം<br>സന്ദർശനം<br><br>പഠനോത്സവം. | ജനുവരി-<br>മാർച്ച് | അധ്യാപകർ<br>കുട്ടികൾ<br>CPTA | ഇല്ല. |

# അക്കാദമിക മാസ്റ്റർ പ്ലാൻ -

2025 - 2026

## മലയാളം STD IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം മലയാളം** | | | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ<br>ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായന ശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തകപരിചയം<br>വായനക്കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class teacher | PTA |

| | | | | |
|---|---|---|---|---|
| കണ്ടറിയാം കേട്ടറിയാം. | | | | |
| അറിവ് ഡോക്യുമെന്ററികളിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ കണ്ടെത്തി പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class teacher | PTA |
| രുചിച്ചറിയാം | | | | |
| നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള പാചക കുറിപ്പുകളടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class teacher<br>PTA | |
| ഓർക്കാം അഭിമാനിക്കാം (സാഹിത്യകാരന്മാർ. | | | | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അനുസ്മരിക്കൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം. പുസ്തക പരിചയം ക്വിസ് ചാർട്ട് പ്രദർശനം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം. | ആവശ്യാനുസരണം | SRG<br>Class teacher<br>CPTA | |
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലകളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class teacher | PTA |
| സർഗോത്സവം | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class teacher | PTA |

# English - STD IV

2025 - 2026

## ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ച്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

## ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)

| | | | | |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറികുറിപ്പുമായി എഴുതു | ആഴ്ച്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |

## ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)

| | | | | |
|---|---|---|---|---|
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങൾ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (skit, Drama, Conversation, Story telling) | മാസത്തിലൊന്ന് | ക്ലാസ്ടീച്ചർ | SMC |

## ഇംഗ്ലീഷ് മാഗസിൻ

| | | | | |
|---|---|---|---|---|
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class teacher<br>SMC | SMC |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കൈയെഴുത്ത് | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br>വായനാവേള ഒരുക്കൽ<br>വായനാക്കുറിപ്പ്<br>പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ് | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ<br>ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ | വായനാ മത്സരം<br>രചനാ മത്സരം<br>മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | HM<br>SRG<br>Class teacher<br>CPTA | PTA |

# ഗണിതം STD IV

## കളിക്കാം... ഗണിക്കാം

2025-2026

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ (ഏണിയും പാമ്പും, കച്ചവടക്കളി etc.) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം.** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം. | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |

# പരിസരപഠനം - STD IV

2025 - 2026

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM SRG CPTA ക്ലാസ് ടീച്ചർ | PTA രക്ഷിതാക്കൾ |
| **ശാസ്ത്രവിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM SRG ക്ലാസ്ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM SRG ക്ലാസ് ടീച്ചർ | PTA |

English.

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To Study alphabets | · Pre - test<br>· write Simple words. | June - July | Teacher, Students | PTA |
| To Study, write and read Simple words. | circle the word from TB and read | August - September | Teacher - Students | NIL |
| Create more oppor-tunities for english Speaking in the class room. | Class room communication should be in english, like may I drinks some water? May I go to bathroom?<br>· Hello.<br>· Hello, everyone<br>· Good morning<br>· Good morning everyone.<br>· Good morning class.<br>· How are you?<br>· How are you today?<br>· Let me attendence etc | Academic Year | Teacher, Students Parents | NIL. |

English.

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To Study alphabets | · Pre - test<br>· write Simple words. | June - July | Teacher, Students | PTA |
| To Study, write and read Simple words. | circle the word from TB and read | August - September | Teacher - Students | NIL |
| Create more oppor-tunities for english Speaking in the class room. | Class room communication should be in english, like may I drinks some water? May I go to bathroom?<br>· Hello.<br>· Hello, everyone<br>· Good morning<br>· Good morning everyone.<br>· Good morning class.<br>· How are you?<br>· How are you today?<br>· Let me attendence etc | Academic Year | Teacher, Students Parents | NIL. |

## യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയം ഗ്രഹിച്ച് അർത്ഥപൂർണമായി വായിക്കുന്നു എന്ന് ഉറപ്പു വരുത്തുക. | • വായനാ മത്സരം<br>• സമാനപദങ്ങൾ പ്രയോഗിച്ച് വാക്യരചനകൾ<br>• നിഘണ്ടു നിർമ്മാണം<br>• പുസ്തക വായന | ജൂൺ - മാർച്ച് | മലയാളം ടീച്ചർ | |
| മികച്ച വായനാശീലം വളർത്തുക | • എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി വായനാമൂല ലഭ്യമാക്കുന്നു.<br>• അസംബ്ലിയിൽ പത്രവായന നടത്തുന്നു.<br>• സാഹിത്യ ക്വിസ്<br>• കൈയെഴുത്ത് | ജൂൺ - മാർച്ച് | | |
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | • ലൈബ്രറി<br>• പുസ്തക വായന<br>• കാവ്യാലാപനം<br>• കവിതാ രചന | ജൂൺ - മാർച്ച് | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരൻമാരെ കുറിച്ചുള്ള അറിവ് നേടുക. | • കഥാരചന<br>• സാഹിത്യക്വിസ്<br>• നാടൻപാട്ട് അവതരണം.<br>• പുസ്തക വായന<br>• ദിനാചരണങ്ങൾ<br>• സാഹിത്യകാരന്മാരുടെ ആൽബം തയ്യാറാക്കൽ<br>• സാഹിത്യക്വിസ് | ജൂൺ – മാർച്ച് | മലയാളം അധ്യാപിക | |

വിഷയ : യു.പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഇംഗ്ലീഷ് ഭാഷ കേൾക്കുവാനും മനസ്സിലാക്കുവാനും, സംസാരിക്കുവാനും കഴിയുന്നു. ലളിതമായ പദങ്ങൾ ഉൾക്കൊണ്ട് എഴുതുന്നു. | • Follow Me If you can — ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രതികരിക്കുന്നു.<br>• Listen the Radio: റേഡിയോ ന്യൂസ് കേൾപ്പിക്കുന്നു<br>• Language Games — LSRW - ന് ഉതകുന്ന games.<br>• Lend your Ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു.<br>• Treasure Hunt - നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണിക്കുന്നു. മറ്റു കുട്ടികൾ തിരിച്ചറിയുന്നു.<br>• One Man Show: ആശയം വായിച്ചു മനസ്സിലാക്കി അഭിനയം<br>• I and You - അധ്യാപികയും കുട്ടികളും തമ്മിലുള്ള interaction | June - March | English അധ്യാപകർ | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 2 | ഭാവാത്മകവായന പരിശീലിക്കുന്നു. | · Me too: കുട്ടികളുടെ നിലവാരത്തിനനുസരിച്ച് വായനക്കാർഡുകൾ നൽകുന്നു. ഭാവ ഉൾക്കൊണ്ട് വായിക്കുന്നു.<br>Mirror Image: പരിചയപ്പെട്ട പദങ്ങൾ ചാർട്ടിലെഴുതി കണ്ണാടിയിലെ പ്രതിബിംബം നോക്കി വായിക്കുന്നു.<br>F.M. Corner: കഥകൾ റേഡിയോ നിലയമായി അവതരണം.<br>Reader of the Month: English വാർത്ത വായിക്കുവാൻ reader of the Month നെ കണ്ടെത്തുവാനുള്ള അവസരം. | June - March<br>മാസത്തിൽ ഒരിക്കൽ | | |
| 3. | തെറ്റ് കൂടാതെ English എഴുതുന്നു. | · Alert Zone: സ്വാഗതം ബോർഡുകൾ, പോസ്റ്ററുകൾ notice ഇവ തയ്യാറാക്കുന്നു.<br>· Run by Run: ചാർട്ടിൽ പ്രദർശിപ്പിച്ച matter വായിച്ച് മറ്റൊരു ചാർട്ടിലേക്ക് തെറ്റാതെ എഴുതുന്നു (മത്സരം) | Aug - March | | |

| | | | | |
|---|---|---|---|---|
| 4. ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | • Let's laugh : കുട്ടുകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ ഇവ തയ്യാറാക്കി അവതരിപ്പിക്കുന്നു<br>• My Droplets : കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു<br>• English Test കുട്ടികളുടെ വിവിധ സൃഷ്ടികൾ, കലാപരിപാടികൾ ഉൾപ്പെടുത്തി English Test.<br>• English-ൽ പ്രാവീണ്യമുള്ളവരെ കുട്ടികൾക്കു പരിചയപ്പെടുത്തൽ സംവാദം. | Since second term<br>Term end/ Year end<br>വർഷവസാനം | English [illegible] | |

| Sl. No. | Programme | Activity ഹിന്ദി | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | UP തലത്തിലെ എല്ലാ കുട്ടികളും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• Class-ൽ അക്ഷരമാല പ്രദർശനം<br>• ഓൺലൈൻ അക്ഷരമാല പ്രദർശനം<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകളുടെ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം | June to August | അക്ഷരചാർട്ട് പാഠപുസ്തകം | ഹിന്ദി അധ്യാപിക |
| 2 | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടുന്ന വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം<br>• ഹിന്ദിയിൽ വായിക്കാനും എഴുതാനും ഉള്ള ശേഷി വർധിപ്പിക്കുക<br>• ഹിന്ദി വാക്കുകളുടെ അർത്ഥം അറിയുക | September to October | ഹിന്ദി നിഘണ്ടു | ഹിന്ദി അധ്യാപിക |

| Programme | Activity | Duration | ഭൗതികം | ചുമതല |
|---|---|---|---|---|
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും വികസിപ്പിക്കാനുമുള്ള അവസരം (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്ര സഹായത്തോടെ ചിത്രകഥ പൂരണങ്ങൾ<br>• ചിത്രം - അടിക്കുറിപ്പ്<br>• ചിത്രം - കഥ പറയൽ<br>• ചിത്രം - കഥ എഴുതൽ<br>• കഥ ബാക്കി എഴുതൽ<br>• വായനമൂല<br>• ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | November to February | പുസ്തകങ്ങൾ | Hindi അധ്യാപിക |

# യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | • കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മുത്തുകൾ.. ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| ഗണിത പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു. | • 5, 6, 7 ക്ലാസുകളിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഗണിതക്ലബ്ബ് രൂപീകരിക്കുന്നു.<br>• ഓരോ മാസവും പ്രവർത്തനങ്ങൾ നടത്തുന്നു – ഗണിത ക്വിസ്, ഗണിത രൂപങ്ങൾ.... | ജൂൺ<br><br>ജൂൺ – മാർച്ച് | | |
| ഗണിതപഠനം കൂടുതൽ ഫലപ്രാപ്തിയിൽ എത്തിക്കുക | • ഗണിതപഠനത്തിൽ I.T. സാധ്യതകൾ പരമാവധി ഉപയോഗിച്ച് പഠനം ആയാസരഹിതമാക്കുന്നു. | ജൂൺ – മാർച്ച് | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതലാബ് സജ്ജീകരിക്കൽ | • സാധനങ്ങൾ എല്ലാം മനോഹരമായ രീതിയിൽ സജ്ജീകരിക്കുന്നു. | ജൂൺ- ഡിസംബർ | ഗണിത അധ്യാപകർ | |
| ഗണിതലൈബ്രറി ഒരുക്കൽ | • കുട്ടികൾക്കാവശ്യമായ ഗണിത പുസ്തകങ്ങൾ സജ്ജീകരിക്കുന്നു. | ജൂൺ- ഡിസംബർ | | |
| ഗണിതപഠനം കൂടുതൽ ഫലപ്രാപ്തിയിലാക്കുക. | • ഗണിത പഠനത്തിൽ ഐ.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ജൂൺ- മാർച്ച് | | |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുക | • ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺ- സെപ്റ്റംബർ | | |
| ജ്യാമിതീയ രൂപങ്ങളുടെ ഭംഗി ആസ്വദിക്കുക | • ജ്യാമിതീയ രൂപങ്ങൾ വരച്ച് നിറം നൽകുന്നു. | ജൂൺ- ഡിസംബർ | | |
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | • ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ട മാർഗനിർദേശങ്ങൾ നൽകി മുൻനിരയിലെത്തിക്കാനാവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ- മാർച്ച് | ഗണിത അധ്യാപകർ, സമർഥരായ വിദ്യാർഥികൾ | |

## അടിസ്ഥാന ശാസ്ത്രം 2025 - 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) കുട്ടികളുടെ നിരീക്ഷണ പരീക്ഷണ പാടവം വർദ്ധിപ്പിച്ച് ശാസ്ത്രാഭിരുചി വളർത്തുക. | പരീക്ഷണകളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു.<br>പരീക്ഷണകിറ്റ്<br>ലഘു പരീക്ഷണങ്ങൾ നടത്താനാവശ്യമായ സാധനങ്ങൾ അടങ്ങിയ പരീക്ഷണ കിറ്റുകൾ ഉണ്ടാക്കുന്നു.<br>പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | അധ്യാപിക<br>വിദ്യാർത്ഥികൾ<br>രക്ഷിതാക്കൾ | |

| | | | |
|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **ജൈവവൈവിധ്യ ഉദ്യാനം**<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഉദ്യാനനിർമാണം<br>**കണ്ടറിയാനൊരു യാത്ര**<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, പുഴയെ അറിയാൻ, കാവുകൾ സന്ദർശനം, ജൈവാധിനിവേശ സസ്യങ്ങളെയും ജന്തുക്കളെയും തിരിച്ചറിഞ്ഞ് കണ്ടെത്തുക. | ജൂൺ - ഫെബ്രുവരി | സയൻസ് അധ്യാപിക, സയൻസ് ക്ലബ്, വിദ്യാർത്ഥികൾ SMC ആരോഗ്യ ക്ലബ് |

| | | | | |
|---|---|---|---|---|
| 3. ശാസ്ത്രദിനങ്ങളെ കുറിച്ച് അവബോധം ഉണ്ടാക്കുക. ഇന്ത്യൻ ശാസ്ത്രജ്ഞരുടെ സംഭാവനകളെയും നേട്ടങ്ങളെയും കുറിച്ച് ഓർമ്മിപ്പിക്കുക. | ശാസ്ത്രദിനാചരണങ്ങൾ<br>ക്ലാസ്തല ക്വിസ് മത്സരങ്ങൾ, കൈയെഴുത്തു പതിപ്പ് നിർമ്മാണം ശാസ്ത്ര പ്രദർശനങ്ങൾ, പോസ്റ്റർ രചനകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് വരെ | അധ്യാപകർ<br>വിദ്യാർത്ഥികൾ<br>SMC | |
| 4. ~~[illegible]~~<br>4. ശാസ്ത്രബോധം വളർത്തുക, പ്രകൃതി സ്നേഹം വളർത്തുക. അറിവ് നേടുക സന്തോഷം കണ്ടെത്തുക | പ്രകൃതി നിരീക്ഷണങ്ങൾ<br>ആകാശ നിരീക്ഷണം, പക്ഷി നിരീക്ഷണം, പൂമ്പാറ്റ നിരീക്ഷണം, സസ്യങ്ങളെ തിരിച്ചറിയൽ | ജൂൺ - മാർച്ച് വരെ | അധ്യാപകർ<br>വിദ്യാർത്ഥികൾ<br>രക്ഷകർത്താക്കൾ | |

| | | | | |
|---|---|---|---|---|
| 5. ശാസ്ത്രാംഗത്തെ നൂതന നേട്ടങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | <u>വിസ്മയ യാത്ര</u><br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങളിൽ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട് കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | ജൂൺ - മാർച്ച് | സയൻസ് അധ്യാപിക വിദ്യ | |
| | <u>ശാസ്ത്രോത്സവം</u><br>ശാസ്ത്രസംബന്ധിയായ പതിപ്പുകൾ, ചിത്രങ്ങൾ, മാഗസിനുകൾ, മാതൃകകൾ എന്നിവ പ്രദർശിപ്പിച്ച് കൊണ്ടുള്ള ശാസ്ത്രോത്സവം | ഫെബ്രുവരി മാർച്ച് | 5, 6, 7 ക്ലാസുകളിലെ കുട്ടികൾ, HM അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 6. ശാസ്ത്രത്തെ പാഠഭാഗങ്ങളെ മറ്റ് വിഷയങ്ങളുമായി (കല, കായികം, തൊഴിൽ) ഉദ്ഗ്രഥിച്ച് പഠിക്കുന്നു. | ഗ്രോബോക്സ് നിർമ്മാണം, LED ബൾബ്, എമർജൻസി ലാമ്പ്, vertical farming ഇലക്ട്രിക് സർക്യൂട്ടുകൾ etc. നിർമ്മാണം | ജൂൺ – മാർച്ച് | അധ്യാപകർ വിദ്യാർത്ഥികൾ SMC. | |

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|
| 1. ചരിത്രപരമായ അറിവ് വളർത്താൻ | <u>കഥകളിലൂടെ ചരിത്രം</u><br>പുരാതന കാലഘട്ടത്തിലെയും പ്രധാനപ്പെട്ട ചരിത്ര സംഭവങ്ങളിലെയും കഥകൾ കുട്ടികൾക്ക് പറഞ്ഞു കൊടുക്കുക. സ്വാതന്ത്ര്യസമരം, രാജാക്കന്മാരുടെ കഥകൾ, നവോത്ഥാന നായകരുടെ ജീവിതം എന്നിവ ലളിതമായ ഭാഷയിൽ അവതരിപ്പിക്കുക. | ജൂൺ – മാർച്ച് | അധ്യാപിക<br>വിദ്യാർത്ഥികൾ<br>രക്ഷകർത്താക്കൾ | |
| | <u>കാലരേഖ നിർമാണം</u><br>പ്രധാനപ്പെട്ട ചരിത്ര സംഭവങ്ങളെക്കുറിച്ച് കാലരേഖകൾ നിർമ്മിക്കാൻ | ജൂൺ – ഫെബ്രുവരി | | |

| | | | | |
|---|---|---|---|---|
| | കുട്ടികളെ പ്രോത്സാഹിപ്പിക്കുക. ഇത് സംഭവങ്ങളുടെ ക്രമം മനസിലാക്കാൻ സഹായിക്കും. | | | |
| | ജീവചരിത്രങ്ങൾ വായിക്കുക.<br>പ്രശസ്തരായ വ്യക്തികളുടേയും ചരിത്രപരമായ പ്രാധാന്യമുള്ള വ്യക്തികളുടേയും ജീവചരിത്രങ്ങൾ വായിക്കാൻ പ്രോത്സാഹിപ്പിക്കുക. | ജനുവരി-ഫെബ്രുവരി | അധ്യാപിക SS ക്ലബ് രക്ഷകർത്താക്കൾ | |
| | പുരാവസ്തു ശേഖരണം<br>പഴയ നാണയങ്ങൾ, സ്റ്റാമ്പുകൾ എന്നിവ ശേഖരിച്ച് അവയുടെ പ്രാധാന്യം ചർച്ചചെയ്യുക. | ജൂൺ മുതൽ | | |

| | | | | |
|---|---|---|---|---|
| 2. ഭൂമിശാസ്ത്ര പരമായ അവബോധം നൽകാൻ | * ഭൂപടങ്ങളെയും ഗ്ലോബുകളെയും പരിചയപ്പെടുത്തുക. [ലോകം ഭൂപടം, ഇന്ത്യ, കേരളം] ഓരോ സ്ഥലവും എവിടെയാണെന്നും അവിടുത്തെ പ്രധാന പ്രത്യേകതകൾ എന്താണെന്നും പഠിപ്പിക്കുക. | ജൂൺ മുതൽ | | |
| | * യാത്രാവിവരണങ്ങൾ<br>വിവിധ രാജ്യങ്ങളെയും സ്ഥലങ്ങളെയും കുറിച്ചുള്ള യാത്രാവിവരണങ്ങൾ വായിക്കാനും വീഡിയോകൾ കാണാനും പ്രോത്സാഹിപ്പിക്കുക. | | | |
| | * പ്രാദേശിക ഭൂപടങ്ങൾ ഉണ്ടാക്കുക.<br>സ്കൂളിന്റെയും വീടിന്റെയും | സെപ്റ്റംബർ - ഒക്ടോബർ | | |

| | | | | |
|---|---|---|---|---|
| | പരിസരങ്ങളിലെ ... വരയ്ക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. | | | |
| 3. ജനാധിപത്യ പരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അനുഭവങ്ങളിലേക്ക്<br>ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുക<br>ജനാധിപത്യബോധം - പൗരബോധം<br>• സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്<br>• ഇലക്ഷൻ വിജ്ഞാപനം<br>• നാമനിർദ്ദേശ പത്രിക സമർപ്പിക്കൽ<br>• സൂക്ഷ്മ നിരീക്ഷണം. | ജൂൺ ജൂലൈ ആഗസ്റ്റ് | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | - പിൻവലിക്കൽ<br>· വോട്ടെടുപ്പ്<br>· ഫലപ്രഖ്യാപനം. | | | |
| 4. ദിനാചരണങ്ങൾ പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഒരുക്കുക. | ബോധവത്ക്കരണ ക്ലാസുകൾ പതിപ്പ്, പോസ്റ്റർ നിർമ്മാണം ക്വിസ് മത്സരങ്ങൾ | ജൂൺ - മാർച്ച് | അധ്യാപകർ വിദ്യാർത്ഥികൾ SMC | |
| 5. വിവരസാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക | സാമൂഹ്യശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ജൂൺ - ജൂലൈ | അധ്യാപകർ ക്ലബ് അംഗങ്ങൾ | |